## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം
## തിരുവനന്തപുരം

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- പ്രവേശന കാലാവധി ദീർഘിപ്പിച്ചു നൽകിയതിനു ശേഷം അസിസ്റ്റന്റ് സർജനായി നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. ഉത്തരവ് നം. ഇ.എ3- 45724/2016/ആ.വ.ഡ തീയതി 30.06.2016
2. ഡോ. ലിജിത മേരി രാജ് - ന്റെ അപേക്ഷ

**ഉത്തരവ് നം. ഇ.എ3-45724/2016/ആ.വ.ഡ തീയതി 16.08.2017**

ഡോ. ലിജിത മേരി രാജ്, ലിജിൻ നിവാസ്, പുലമൺ.പി.ഒ, കൊട്ടാരക്കര, കൊല്ലം-691531 കേരള പബ്ളിക് സർവ്വീസ് കമ്മീഷന്റെ നിയമന ശുപാർശയിൽ അസിസ്റ്റന്റ് സർജനായി സൂചന (1) പ്രകാരം നിയമന ഉത്തരവ് നൽകിയെങ്കിലും ടിയാളുടെ അപേക്ഷ പ്രകാരം പ്രവേശന കാലാവധി 31.06.2017 തീയതി വരെ ദീർഘിപ്പിച്ചു നൽകിയിരുന്നു. എന്നാൽ സൂചന (2) പ്രകാരമുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ ഡോ. ലിജിത മേരി രാജ് -നെ **താലൂക്ക് ആശുപത്രി റാന്നി പെരിനാട്, പത്തനംതിട്ടയിൽ കാഷ്വാലിറ്റി മെഡിക്കൽ ആഫീസറായി** നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

ടിയാൾ 17.08.2017 ന് അസ്സൽ സർട്ടിഫിക്കറ്റുകളും നിയമന ഉത്തരവും സഹിതം ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം) **പത്തനംതിട്ട** മുൻപാകെ ഹാജരാകേണ്ടതാണ്. അല്ലാത്ത പക്ഷം ജോലിയിൽ പ്രവേശിക്കാത്ത വിവരം കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ മുൻപാകെ അറിയിക്കുന്നതാണ്.

ആർ.ടി.സി കൃത്യമായും അയച്ചു തരേണ്ടതാണ്.

**ഒപ്പ്**
**ഡോ. സരിത.ആർ.എൽ**
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്
ഡോ. ലിജിത മേരി രാജ്, ലിജിൻ നിവാസ്, പുലമൺ.പി.ഒ, കൊട്ടാരക്കര, കൊല്ലം-691531

പകർപ്പ്:
1. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), പത്തനംതിട്ട
(ഡോ. ലിജിത മേരി രാജ് -ന്റെ തിരിച്ചറിയൽ രേഖ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ടിയാളെ നിയമിച്ച സ്ഥാപനത്തിൽ ഒഴിവ് ഇല്ലായെങ്കിൽ സാധൂകരണത്തിന് വിധേയമായി മറ്റൊരു സ്ഥാപനത്തിൽ നിയമിക്കേണ്ടതാണ്.)
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
3. സൂപ്രണ്ട്, താലൂക്ക് ആശുപത്രി റാന്നി പെരിനാട്, പത്തനംതിട്ട
4. ഫയൽ/ കരുതൽ ഫയൽ

**//അംഗീകാരത്തോടെ//**

**സീനിയർ സൂപ്രണ്ട്**

2057756 GOVERNMENT OF KERALA